(ഡി) എത്ര ഭവനങ്ങളാണ് അലോട്ടു ചെയ്തത് ;

(ഇ) ഇനി അലോട്ടുചെയ്യുവാൻ എത്ര ഭവനങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ പദ്ധതി എന്നത്തേക്ക് പൂർത്തികരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ജി) ഈ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള സ്ഥലത്തിന്റെ വില സംബന്ധിച്ച് കേസുകൾ തീർന്നോ ;

(എച്ച്) ഭവനങ്ങൾ നിർമ്മിച്ചിരിക്കുന്ന സ്ഥലത്ത് മഴക്കാലത്ത് വെള്ളം കയറുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ;

(ഐ) ഭവനങ്ങൾ നിർമ്മിച്ചിരിക്കുന്ന വഴികൾ സംരക്ഷിക്കുന്നതിന് ഈ വഴികൾ മുനിസിപ്പാലിറ്റിക്ക് കൈമാറാൻ നടപടി സ്വീകരിക്കുമോ ;

(ജെ) ഈ സ്ഥലത്തിന് ചുറ്റും മതിൽ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) 44 ഭവനങ്ങളും 26 സെയിൽ പ്ലോട്ടുകളുമാണ് ഈ സ്കീമിൽ ഉദ്ദേശിച്ചത്.

(സി-ഇ) ഈ സ്കീമിലുള്ള 44 ഭവനങ്ങളും പൂർത്തിയായിട്ടുണ്ട്. അവയിൽ 23 ഭവനങ്ങൾ അലോട്ട് ചെയ്തിട്ടുണ്ട്. ഇനി 21 ഭവനങ്ങൾ അലോട്ടു ചെയ്യാനുണ്ട്.

(എഫ്) ഈ പദ്ധതി 2000 അവസാനത്തോടെ പൂർത്തിയാകും.

(ജി) ഈ പദ്ധതിയിൽ 15 എൽ.എ.ആർ. കേസ്സുകൾ ഉണ്ട്. ഇതിൽ 11 കേസുകളിൽ കീഴ്ക്കോടതി വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(എച്ച്-ജെ) നടപടി സ്വീകരിക്കുന്നുണ്ട്.

ഇടുക്കി ജില്ലയിൽ ഹൗസിംഗ് ബോർഡ് അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കാൻ നടപടി

164 (2146) ശ്രീ. എ. കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ഹൗസിംഗ് ബോർഡ് അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുവേണ്ടി എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ട് ; ഇവിടെ ഭൂമിയുടെ മതിപ്പ് വിലയെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി സാധ്യതാ പഠനം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ പദ്ധതി എന്ന് ആരംഭിച്ച് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ജി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മുട്ടം വില്ലേജിലെ സർവ്വേ 7/2,7/4, 19/2 എന്നീ നമ്പരിൽപ്പെട്ട 41.6620 ഹെക്ടർ സ്ഥലം പൊതുഭവന നിർമ്മാണ പദ്ധതി അമ്യൂസ്മെന്റ് പാർക്ക് മറ്റു അനുബന്ധ പദ്ധതികൾക്കായി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ടി സ്ഥലം പൊന്നുംവില നടപടിയിലാണ്. സ്ഥലം ഏറ്റെടുക്കുകയോ മതിപ്പ് വില നിശ്ചയിക്കുകയോ ചെയ്തിട്ടില്ല.

(സി) പ്രസ്തുത അമ്യൂസ്മെന്റ് പാർക്കിൽ ഉല്ലാസ കേന്ദ്രങ്ങൾ, കുട്ടികൾക്കായുള്ള പാർക്ക്, കൾച്ചറൽ പ്രോഗ്രാമുകൾ നടത്തുന്നതിനുള്ള വേദി, ടൂറിസ്റ്റുകൾക്കും മറ്റും വന്നു താമസിക്കുന്നതിനുവേണ്ടിയുള്ള ടൂറിസ്റ്റ് കോട്ടേജുകളും ലോഡ്ജുകളും റെസ്റ്റോറന്റ് സൗകര്യങ്ങൾ, പൂന്തോട്ടങ്ങൾ, മുതലായ ടൂറിസം വ്യവസായത്തിന് ഉതകുന്ന തരത്തിലുള്ള ഘടകങ്ങളാണ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പദ്ധതിയെ സംബന്ധിച്ച് ഒരു പ്രാഥമിക സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴയ്ക്കടുത്തുള്ള മുട്ടത്ത് മലങ്കര ഡാം റിസർവോയറിനോട് ചേർന്നു കിടക്കുന്ന പ്രകൃതി സുന്ദരമായ സ്ഥലത്താണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രകൃതിരമണീയമായ ഗ്രാമീണ ഭംഗിയാർന്നതും നയനസുന്ദരവുമായ ഈ സ്ഥലം ടൂറിസ്റ്റുകേന്ദ്രങ്ങളായ മൂന്നാർ, തേക്കടി, ഇടുക്കി എന്നീ സ്ഥലങ്ങളുടെ അടുത്തുതന്നെ സ്ഥിതിചെയ്യുന്നതിനാൽ സ്വദേശിയരും വിദേശിയരുമായ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുന്നതാണ്. ഈ കേന്ദ്രത്തിൽ പ്രതിവർഷം ചുരുങ്ങിയത് 200 ദിവസങ്ങളിലെങ്കിലും ടൂറിസ്റ്റുകൾ സന്ദർശിക്കുമെന്നും ശരാശരി ഒരു ദിവസം 1500 ആൾക്കാരെങ്കിലും എത്തുമെന്നും കണക്കുകൂട്ടുന്നു. ലഭ്യമാകുന്ന വരുമാനമുപയോഗിച്ച് പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുടക്കിയ ബോർഡിന്റെ കടബാധ്യത തീർക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു.

(ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ടി. പദ്ധതിക്ക് വേണ്ടുന്ന സ്ഥലം ലഭ്യമായതിനുശേഷവും പ്ലാനിനും എസ്റ്റിമേറ്റിനും അന്തിമരൂപം നല്കിയതിനുശേഷവും മാത്രമേ ഈ പദ്ധതി എന്ന് തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും തീരുമാനിക്കുവാൻ കഴിയുകയുള്ളൂ.

(ജി) ബാധകമല്ല.

തൃപ്പൂണിത്തുറ ഉപഗ്രഹ നഗര പദ്ധതി

165 (2147) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഉപഗ്രഹ നഗരപദ്ധതിക്കായി ശമ്പളയിനത്തിൽ ഉൾപ്പെടെ എന്ത് തുക ഹൗസിംഗ് ബോർഡ് നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഈ പദ്ധതി ഉൾപ്പെടുന്ന രജിസ്ട്രേഷൻ സെന്ററിൽ വീടിനും ഫ്ളാറ്റിനും വേണ്ടി രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തൃപ്പൂണിത്തുറ ഉപഗ്രഹ നഗരപദ്ധതിക്കായി ശമ്പളം ഉൾപ്പെടെ ഭവനനിർമ്മാണ ബോർഡ് നാളിതുവരെ 1,63,69,926 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി നടത്തേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) 2642 പേർ പ്ലോട്ടിനും

2686 പേർ വീടിനും

2055 പേർ ഫ്ളാറ്റിനും ഉൾപ്പെടെ മൊത്തം

7383 പേർ തൃപ്പൂണിത്തുറ രജിസ്ട്രേഷൻ സെന്ററിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പുതുതായി സബ്രജിസ്ട്രാർ ഓഫീസുകൾ തുടങ്ങാൻ നടപടി

166 (2148) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി സബ്രജിസ്ട്രാർ ഓഫീസുകൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ബി) കുഴൽമന്ദം നിയോജകമണ്ഡലത്തിൽപ്പെട്ട കോട്ടായി പഞ്ചായത്തിൽ സബ്രജിസ്ട്രാർ ഓഫീസ് തുടങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(സി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly